ഉത്തരം

ഈ റോഡ് പി. ഡബ്ല്യൂ. ഡി ഏറ്റെടുത്തിട്ടില്ല.

പിറവം റെസ്റ്റ് ഹൗസ്

1191 [1903] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിറവത്ത് പി. ഡബ്ലിയു. ഡി. റെസ്റ്റ്ഹൗസ് ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടിക്രമം സ്വീകരിച്ചു?

ഉത്തരം

വരും വർഷത്തെ ബഡ്ജറ്റിൽ ഈ പ്രവൃത്തി കൊള്ളിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

വൈപ്പിൻ തീരദേശ റോഡ്

1192 [1904] ശ്രീ. എ. പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ തീരദേശ റോഡിന്റെ നിർമ്മാണ പുരോഗതി എന്തെന്നു വ്യക്തമാക്കുമോ;

(ബി) ഈ റോഡുനിർമ്മാണത്തിനു എത്ര സംഖ്യ ചെലവുവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) എത്ര സംഖ്യ ഇതിനകം ചെലവു ചെയ്തിട്ടുണ്ട്;

(ഡി) റോഡുപണി എന്നത്തേക്ക് പൂർത്തിയാക്കി സഞ്ചാരയോഗ്യമാക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നു പറയാമോ?

ഉത്തരം

(എ) വൈപ്പിൻ തീരദേശ റോഡ് എന്ന പേരിൽ ഒരു റോഡ് നിർമ്മിക്കാനുള്ള യാതൊരു നിർദ്ദേശവും ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലില്ല.

(ബി, സി, & ഡി) (എ)-വിഭാഗത്തിനു നൽകിയ മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

തിരുവനന്തപുരം-തൈക്കാട് ആശുപത്രി റോഡ്

1193 [1905] ശ്രീ. എൻ. കിട്ടപ്പ നാരായണസ്വാമി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പട്ടണത്തിന്റെ മദ്ധ്യഭാഗത്തു സ്ഥിതി ചെയ്യുന്ന തൈക്കാട് സ്ത്രീകൾക്കായുള്ള ആശുപത്രിയിലെ പ്രസവ വാർഡിലേക്കുള്ള റോഡ് വളരെ മോശമായ അവസ്ഥയിലാണെന്നുള്ള കാര്യം ഗവൺമെന്റിന് അറിയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസവത്തിനുവേണ്ടി അടിയന്തിരമായി ആശുപത്രിയിൽ എത്തിക്കേണ്ട സ്ത്രീകൾക്ക് ആപത്തുണ്ടാകും എന്ന കാര്യം പരിഗണിച്ച് ഈ റോഡ് സത്വരമായി നന്നാക്കുവാൻ ഗവൺമെന്റ് നടപടികൾ എടുക്കുമോ?

ഉത്തരം

(എ) അറിയാം.

(ബി) ഈ റോഡ് തിരുവനന്തപുരം നഗരസഭയുടെ അധീനതയിലുള്ളതാണ്. റോഡ് നന്നാക്കുന്നതിനുള്ള നടപടികൾ നഗരസഭ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. റോഡുനന്നാക്കുന്നതിനുള്ള കീൽ (ബിറ്റുമിൻ, ടാർ) ഇപ്പോൾ ലഭ്യമാകാത്തതുകൊണ്ടാണ് റോഡ് നന്നാക്കൽ പണി മന്ദീഭവിച്ചിരിക്കുന്നത്. കീൽ ഉടൻതന്നെ ലഭിക്കുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

സ്പോർട്സ് കൗൺസിൽ നൽകുന്ന പ്രോത്സാഹനങ്ങൾ

1194 [1906] ശ്രീ. കെ. ടി. കുമാരൻ:
ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പോർട്സ് കൗൺസിൽ കായികതാരങ്ങൾക്ക് നൽകുന്ന പ്രോത്സാഹനങ്ങൾ എന്തെല്ലാം?

ഉത്തരം

സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന പ്രഗത്ഭരായ കായികതാരങ്ങൾക്ക് സ്കോളർഷിപ്പുകൾ നൽകുക, എഞ്ചിനിയറിംഗ്, മെഡിസിൻ ഉൾപ്പെടെ 10 വിവിധ കോഴ്സുകളിലേക്ക് പ്രവേശനത്തിന് സ്പോർട്സ് ക്വാട്ടയിൽ സീറ്റുകൾ സംവരണം ചെയ്യുക, സർക്കാർ നിയമനത്തിൽ പ്രത്യേകം പരിഗണന നൽകുക, അഖിലേന്ത്യാ ചാമ്പ്യൻഷിപ്പിൽ വിജയികളാകുന്നവരെ മെഡൽ നൽകി പ്രത്യേകം ബഹുമാനിക്കുക, അന്തർസംസ്ഥാന ചാമ്പ്യൻഷിപ്പുകളിൽ സ്വർണ്ണമെഡൽ നേടുന്നവർക്ക് കാഷ് അവാർഡ് നൽകുക എന്നിങ്ങനെ വിവിധ തരത്തിലുള്ള പ്രോത്സാഹനങ്ങൾ കായിക താരങ്ങൾക്ക് സംസ്ഥാന സ്പോർട്സ് കൗൺസിൽ നൽകിവരുന്നുണ്ട്. ഇതിനു പുറമെ, ഉന്നത നേട്ടങ്ങൾ കൈവരുത്തുന്ന കായിക താരങ്ങൾക്ക് ജി. വി. രാജാ കാഷ് അവാർഡും (5000 രൂപ) നൽകിവരുന്നുണ്ട്.

മുറിഞ്ഞപുഴ-മതംപാ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ

1195 [1907] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ഡിവിഷനിലെ മുറിഞ്ഞപുഴ-മതംപാ റോഡിന്റെ ഇംപ്രൂവ്മെന്റിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇൻവെസ്റ്റിഗേഷൻ ആൻഡ് പ്ലാനിംഗ് വിഭാഗത്തിലേക്ക് ഈ റോഡിന്റെ പ്രൊപ്പോസൽ റഫർ ചെയ്തത് എന്നു തീയതിയിലാണ്;

LIBRARY ARCHIVES Kerala Legislative Assembly